# നെല്ല് സംഭരണം
## പ്രശ്നങ്ങളും പരിഹാരങ്ങളും

**വി. രാമചന്ദ്രൻ**
അസി. താലൂക്ക് സപ്ലൈ ഓഫീസർ (മുൻ നെല്ല് സംഭരണ ഓഫീസർ)

**കേരളത്തിലെ** നെൽകൃഷിക്കാർക്ക് ഒട്ടേറെ ആശ്വാസം പകർന്ന സർക്കാർ തലത്തിലെ സംഭരണം കുറെക്കൂടി മെച്ചപ്പെട്ടതാക്കി മാറ്റാവുന്നതാണ്. രണ്ടു വർഷം മുമ്പ് സർക്കാർ ആദ്യമായി സംഭരണം തുടങ്ങിയ വേളയിൽ എന്തുചെയ്യണമെന്ന് അറിയാതെ ഉൽകണ്ഠയോടെ പ്രവർത്തിച്ച ഉദ്യോഗസ്ഥരും സർക്കാർ സംരംഭമായതിനാൽ നിശ്ചിത ഗുണമേന്മ ഉറപ്പുവരുത്താതെ എന്തെങ്കിലും നൽകിയാൽ വിലകിട്ടുമെന്ന ധാരണ പുലർത്തിയ കർഷകരും ആയിരുന്നുവെങ്കിൽ നാലു സീസൺ പിന്നിടുമ്പോൾ ഒരു ചട്ടക്കൂടും നിയമങ്ങളും കീഴ്വഴക്കങ്ങളും പരിചിതമായ ഒരു സംവിധാനവും ഉണ്ടായിരിക്കുന്നുവെന്നത് ആശ്വാസകരമാണ്.

തുടക്കത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചിരുന്നത്, നെല്ലുമായോ കൃഷിയുമായോ യാതൊരു ബന്ധവും ഇല്ലാത്തവരായിരുന്നു. കൃഷിവകുപ്പിന് തുടക്കത്തിൽ യാതൊരു ഉത്തരവാദിത്വമോ സംഭരണത്തിൽ ഇടപെടലോ ഉണ്ടായിരുന്നില്ല. ഇന്ന് ഓരോ താലൂക്കിലും ഒരു കൃഷി ഓഫീസറുടെ നേതൃത്വത്തിൽ സംഭരണത്തിന് പ്രത്യേക സംവിധാനം ഉണ്ട്. സംഭരണം കൃഷിവകുപ്പും മാർക്കറ്റിംഗ് സിവിൽ സപ്ലൈസ് കോർപ്പറേഷനും ആകേണ്ടിയിരുന്നു. രണ്ടുവകുപ്പുകൾ വന്നാൽ ഉണ്ടാകുന്ന ഏകോപനമില്ലായ്മയാകാം സിവിൽ സപ്ലൈസ് കോർപ്പറേഷനെ മാത്രം ഈ ചുമതല ഏൽപ്പിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായി ഒരു മില്ലുപോലും ഇല്ലാത്തതിനാൽ സ്വകാര്യ മില്ലുടമകളെ ആശ്രയിക്കേണ്ടിവരികയും അവരുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങേണ്ടി വരികയും ചെയ്തു.

കർഷകനെ സംബന്ധിച്ച്, പ്രത്യേകിച്ച് ചെറുകിട കർഷകൻ വിള കൊയ്യുന്ന മുറയ്ക്ക് പാടത്തുനിന്നുതന്നെ നെല്ല് ഏറ്റെടുക്കുന്ന സംവിധാനമാണ് ആഗ്രഹിക്കുന്നത്. കാരണം കൊയ്ത്ത് കഴിഞ്ഞ് ഉണക്കി സൂക്ഷിക്കുവാനും അത് മാർക്കറ്റിൽ നല്ല വില ലഭിക്കുമ്പോൾ വിൽക്കുവാനും ഉള്ള സ്റ്റോറേജ് സൗകര്യമോ സാമ്പത്തിക സൗകര്യമോ ഇല്ല. ഇത് ചൂഷണം ചെയ്ത് സ്വകാര്യ വൻകിട മില്ലുകൾ കുറഞ്ഞ വിലയ്ക്ക് കർഷകനിൽനിന്നും നെല്ല് സംഭരിച്ചിരുന്നു.

ഈ സാഹചര്യം ഒഴിവാക്കുവാൻ ഓരോ പഞ്ചായത്തിലും സർക്കാർ അംഗീകരിച്ച ഒരു സംഭരണകേന്ദ്രമെങ്കിലും തുറക്കുകയും കർഷകൻ അവിടെ നെല്ല് എത്തിച്ചുകൊടുക്കുകയും ചെയ്യാവുന്നതാണ്. ഇതിന് ആ പഞ്ചായത്തിലെ മാർക്കറ്റിംഗ് സൊസൈറ്റികളോ സഹകരണബാങ്കുകളോ തയ്യാറായാൽ മതിയാകും. ഈ സംഭരണകേന്ദ്രങ്ങളിൽ നെല്ല് നൽകിയാൽ കർഷകന് പിറ്റേദിവസം തന്നെ പണം നൽകാൻ പ്രാദേശിക സംഘങ്ങൾക്ക് കഴിയും. സംഘം സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലയ്ക്ക് വാങ്ങി അരിയാക്കി മാറ്റുകയും അത് പൊതുവിതരണ ശൃംഖലയിലൂടെ ഇപ്പോൾ ചെയ്യുന്നതുപോലെ വിതരണം ചെയ്യാവുന്നതും ആണ്. സഹകരണസംഘങ്ങളിൽ ചിലതെങ്കിലും സംഭരിക്കാത്ത നെല്ല് കണക്കിൽ കാണിച്ച് സർക്കാരിൽനിന്നും കൈകാര്യചിലവ് തട്ടിയെടുത്തതായി പരാതികൾ മുമ്പ് ഉണ്ടായിരുന്നത് ഒഴിവാക്കുവാൻ സംഭരിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷന് മാത്രമേ വിൽക്കാവൂ എന്ന നിബന്ധനയുണ്ടാക്കാവുന്നതാണ്.

തുടക്കത്തിൽ പ്രായോഗിക പരിജ്ഞാനത്തിന്റെ അഭാവമൂലം ഉണ്ടായിരുന്ന വിഷമതകൾ മാറ്റിയെടുക്കുവാൻ കുറെയൊക്കെ കഴിഞ്ഞുവെങ്കിലും കർഷകർ ഇന്നും പഞ്ചായത്ത് മാറി രജിസ്ട്രേഷൻ നടത്തുന്നതും അതുമൂലം സംഭരിക്കാത്തതും, ഒന്നിലേറെ പഞ്ചായത്തുകളിൽ വ്യാപിച്ച കൃഷിസ്ഥലം കാരണം സംഭരണത്തിന് തടസ്സം ഉണ്ടാകുന്നതും ഇന്നും അനുഭവപ്പെടുന്നു. പഞ്ചായത്തിൽ ഒരു മില്ലിനെ ചുമതലപ്പെടുത്തിയതുമൂലം മില്ലുകാരന്റെ ദയവിനെ ആശ്രയിച്ച് നിൽക്കേണ്ടുന്ന സ്ഥിതി ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നു.

ഒരു പഞ്ചായത്തിൽ ഒന്നിലേറെ മില്ലുകാരെ ചുമതലയേൽപ്പിച്ചാൽ കർഷകർക്ക് അത് ഗുണകരമാകും. ഒരു മില്ലുകാരനെ മാത്രം ഏൽപ്പിക്കുമ്പോൾ അവരുടെ സമയം അനുസരിച്ച് മാത്രം നെല്ല് സംഭരിക്കുകയും വൻകിട കർഷകരിൽനിന്നും ആദ്യം നെല്ല് സംഭരിക്കുവാൻ ഉത്സാഹം കാട്ടുകയും ചെയ്യുന്നു. മില്ലുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനുനൽകിയ ജാമ്യതുകയുടെ അടിസ്ഥാനത്തിൽ ആണ് സംഭരിയ്ക്കാൻ അനുമതി നൽകുന്നത്. ഇപ്രകാരം സംഭരിച്ച നെല്ല് അരിയാക്കി നൽകിയാൽ മാത്രമേ വീണ്ടും ഇവർക്ക് നെല്ല് സംഭരിക്കുവാൻ കഴിയൂ. ഇത് കർഷകരെ ദിവസങ്ങളോളം കാത്തിരിപ്പിന് ഇടയാക്കുന്നു. ഇത് പരിഹരിക്കുവാനാണ് ഒന്നിലേറെ മില്ലുകൾക്ക് ഒരു പഞ്ചായത്തിൽ അവസരം നൽകണമെന്ന് കർഷകരും പറയാനിടയായത്.

കർഷകന് തങ്ങളുടെ ഉൽപന്നം നല്ലവില കിട്ടുമ്പോൾ വിൽക്കുവാനും അതുവരെ ഗോഡൗൺ സൗകര്യം ഇല്ലാത്തവർക്ക് ഉൽപ്പന്നങ്ങൾ സൂക്ഷിച്ച് വെയ്ക്കുവാനുമാണ് താലൂക്കുതല മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ടാക്കിയത്. എന്നാൽ പാലക്കാട് ജില്ലയിൽ 5 താലൂക്കുകളിലും ഇന്ന് പ്രസ്തുത സൊസൈറ്റികൾ റേഷൻ മൊത്തവ്യാപാര ഏജൻസികൾ മാത്രമായി പ്രവർത്തിക്കുന്നു. നെല്ല് ഉൽപാദിപ്പിക്കുന്ന കർഷകന് ഈ സൊസൈറ്റികൾ നെല്ല് സൂക്ഷിക്കുവാനും സൂക്ഷിക്കുന്ന നെല്ലിന്റെ ഈടിന്മേൽ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ വ്യവസ്ഥയുണ്ടെങ്കിലും അത് നടപ്പാകുന്നില്ല.

എല്ലാ കാര്യത്തിനും സർക്കാരിനെ ആശ്രയിക്കുകയും കാര്യം നടക്കാതെ വന്നാൽ പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നതിനും സമയം കണ്ടെത്തുന്ന കർഷകൻ പഞ്ചായത്ത് തലത്തിലെങ്കിലും പാടശേഖരസമിതികൾ തമ്മിൽ യോജിച്ച് സ്വാശ്രയസംഘങ്ങൾ ഉണ്ടാക്കി അതിനെ തങ്ങളുടെ വിപണനകേന്ദ്രങ്ങളാക്കി മാറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.